**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1431** **04-07-2022 - ൽ മറുപടിയ്ക്ക്**

**ലോകോത്തര നിലവാരത്തിലുള്ള വിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. പി.വി.അൻവർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളും ലോകോത്തര നിലവാരത്തിലുള്ള വിദ്യാഭ്യാസം നൽകാനാകും വിധം ഉയർത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ തുടർച്ചയായ വിദ്യാകിരണം പദ്ധതിയിൽ കുട്ടികളുടെ അക്കാദമിക മികവിന് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾക്കാണ് ലക്ഷ്യമിടുന്നത്. പൊതുവിദ്യാലയങ്ങളിലെത്തുന്ന മുഴുവൻ കുട്ടികൾക്കും ഏറ്റവും മികച്ച വിദ്യാഭ്യാസ ത്തിനായുള്ള അവസരതുല്യത ഉറപ്പാക്കുക എന്നത് പ്രധാനമാണ്. കോവിഡ് -19 ഉയർത്തിയ വെല്ലുവിളികളെ പലതരത്തിലും അഭിമുഖീകരിക്കാൻ വിദ്യാഭ്യാസ വകുപ്പിന് കഴിഞ്ഞു. ഡിജിറ്റൽ ക്ലാസ്സുകൾ വഴി നാം കുട്ടികളെ കർമ്മനിരതരാക്കി. വീട്ടിൽ ഇരിക്കുന്ന കുട്ടികൾക്ക് അവരുടെ ഭാവനയിൽ കണ്ട കാര്യങ്ങളെ പ്രകാശിപ്പിക്കാനും സ്വതന്ത്ര രചനയ്ക്കുമുള്ള അവസരം 'അക്ഷരവൃക്ഷം' പദ്ധതിയിലൂടെ ഒരുക്കി. കോവിഡിന് ശേഷം സ്കൂളിലെത്തിയ കുട്ടികളുടെ സാമൂഹിക വൈകാരിക ആവശ്യകതകൾ അഭിമുഖീകരിക്കാനുള്ള പ്രവർത്തനങ്ങൾ കഴിഞ്ഞ അക്കാദമിക വർഷം ആരംഭിച്ചു. അതിപ്പോഴും തുടരുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ തുടർച്ച എന്ന നിലയിൽ ഭൗതികസൗകര്യ വികസനരംഗത്ത് തുടങ്ങിവച്ച പ്രവർത്തനങ്ങൾ വിദ്യാകിരണത്തിന്റെ ഭാഗമായി പൂർത്തീകരിക്കാനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു.<br><br>അക്കാദമിക മാസ്റ്റർപ്ലാൻ, ശാസ്ത്ര സാമൂഹിക ശാസ്ത്ര വിഷയങ്ങൾ പുത്തൻ രീതിയിൽ പഠിക്കുന്നതിനുള്ള പദ്ധതികൾ, ഭാഷാ വികാസത്തിന് മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി തുടങ്ങിയ പദ്ധതികൾ, ഗണിതം ആനന്ദകരമാക്കാൻ ഗണിത വിജയം, ഉല്ലാസ ഗണിതം, പ്രതിഭകളായ കുട്ടികൾക്ക് അതത് മേഖലയിൽ കൂടുതൽ മികച്ച മുന്നേറ്റത്തിന് ടാലന്റ് ലാബ്, ശ്രവണ പരിമിതർക്കുള്ള പാഠപുസ്തകം, |

| | | | |
|---|---|---|---|
| | | | **യൂണിസെഫുമായി ചേർന്ന് പ്രളയ ബാധിത പ്രദേശത്തെ കുട്ടികൾക്കുള്ള മാനസിക സാമൂഹിക പിന്തുണ, പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള 'ഉൾച്ചേർക്കുന്ന വിദ്യാഭ്യാസം' (Inclusive Education) കാഴ്ച്ചപ്പാട് രേഖ തയ്യാറാക്കൽ, അദ്ധ്യാപക പരിവർത്തന പദ്ധതി, സ്റ്റുഡന്റ് സെൻട്രിക് പ്രോഗ്രാം, അധ്യാപകർക്ക് മാനേജ്മെന്റ് പരിശീലനം, എസ്.ഐ.ഇ.ടിയുടെ പരിശീലന പരിപാടികൾ, സ്കൂൾ/ക്ലാസ്സ് ലൈബ്രറി വികസനം, പാർശ്വവൽകൃത മേഖലകളിലെ സ്കൂളുകളുടെ വികസനം, സ്ത്രീ ശാക്തീകരണത്തിനുള്ള പ്രവർത്തനങ്ങൾ, ഔട്ട് ഓഫ് സ്കൂൾ കുട്ടികൾക്കുള്ള പ്രത്യേക പരിപാടി, മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളെ മെച്ചപ്പെടുത്തൽ, വിദ്യാലയം പ്രതിഭകളിലേക്ക്, ഫസ്റ്റ് ബെൽ, വൈറ്റ് ബോർഡ്, ഡോക്യുമെന്റേഷൻ തുടങ്ങിയ വൈവിധ്യമാർന്ന പ്രവർത്തനങ്ങളാണ് അക്കാദമിക മികവിനായി നടപ്പിലാക്കി വരുന്നത്.**<br><br>**എസ്.സി.ഇ.ആർ.റ്റിയുടെ ആഭിമുഖ്യത്തിൽ ശാസ്ത്രതരംഗം, ശാസ്ത്രരംഗം, സയൻസ് ക്ലബുകൾ, സമഗ്രപോർട്ടൽ, ക്യൂ.ആർ.കോഡ്, ഫസ്റ്റ്ബെൽ, ജി.സ്യൂട്ട് എന്നീ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.**<br><br>**ഈ രംഗത്ത് ഇനിയും നമുക്ക് മുന്നേറേണ്ടതായിട്ടുണ്ട്. അതിനുള്ള കർമ്മപദ്ധതി വിദ്യാകിരണത്തിന്റെ ഭാഗമായി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതാണ്.** |
| (ബി) | ഇതിന്റെ ഭാഗമായി സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിനും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ഈ സർക്കാരിന്റെ കാലയളവിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സംക്ഷിപ്തമായി വിവരിക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം മുൻസർക്കാരിന്റെ പ്രവർത്തനത്തിന്റെ തുടർച്ചയായി പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ തുടർച്ച എന്ന നിലയിൽ ഭൗതികസൗകര്യ വികസന രംഗത്ത് തുടങ്ങിവച്ച പ്രവർത്തനങ്ങൾ വിദ്യാകിരണത്തിന്റെ ഭാഗമായി പൂർത്തീകരിക്കാനുള്ള നടപടികൾ കൈക്കൊണ്ട് വരുന്നു.<br><br>5കോടി കിഫ്ബി ധന സഹായത്തോടെ 141 സ്കൂളുകളിലാണ് കെട്ടിടനിർമ്മാണം വിഭാവനം ചെയ്തിരുന്നത്. അതിൽ 119 വിദ്യാലയങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. 22 വിദ്യാലയങ്ങളിൽ മിക്കവയിലും ചില ബ്ലോക്കുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തിട്ടുണ്ട്.<br><br>3കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന 386 സ്കൂളുകളാണ് ഉള്ളത്. അതിൽ |

| | | | | |
|---|---|---|---|---|
| | | | | 126 സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായി.<br><br>20 വിദ്യാലയങ്ങളിൽ ഒന്നാംഘട്ട പ്രവർത്തനം പൂർത്തിയാക്കി ക്ലാസ്സ്റൂമുകൾ പഠനത്തിനായി വിട്ടുകൊടുക്കുകയുണ്ടായി. ഇതിൽ 200 സ്കൂൾകെട്ടിടങ്ങളുടെ SPV കിലയാണ്. ഇതിൽ 185 സ്കൂളുകളുടെ DPR തയ്യാറായിട്ടുണ്ട്. ഇതിൽ 150 സ്കൂളുകളുടെ DPRകിഫ്ബി അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 9 സ്കൂൾ കെട്ടിടങ്ങൾക്ക് സാങ്കേതികാനുമതി ലഭ്യമായി ടെണ്ടർ നടപടിയിലേക്ക് നീങ്ങിയിട്ടുണ്ട്.<br><br>1 കോടി കിഫ്ബി ധനസഹായമുള്ള 446 സ്കൂളുകളാണ് ഉള്ളത്. ഇതിൽ പ്രാഥമികമായി തടസ്സങ്ങളൊന്നും ഇല്ലാത്ത 403 സ്കൂളുകളിൽ 399 സ്കൂളുകളുടെ DPR കിഫ്ബി അംഗീകരിച്ചു. 341 സ്കൂളുകളുടെ നിർമ്മാണത്തിനുള്ള സാങ്കേതികാനുമതി ലഭ്യമായി. ഇതിൽ 334 സ്കൂളുകളുടെ ടെണ്ടർ നടപടി സ്വീകരിക്കുകയും 206 സ്കൂളുകളുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 17 കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചു. 1 സ്കൂളിന്റെ നിർമ്മാണം ഭാഗികമായി പൂർത്തിയായി. സ്ഥലം ലഭ്യമാകാത്തതിനാലും മറ്റ് കിഫ്ബി പദ്ധതികൾ നടപ്പാക്കുന്നതിനാലും ഈ സ്കീം നടപ്പാക്കാൻ കഴിയാതിരുന്ന സ്കൂളുകൾക്ക് പകരമായി 35 സ്കൂളുകളെ കണ്ടെത്തി. പ്രസ്തുത സ്കൂളുകളിൽ 1 കോടി രൂപ കിഫ്ബി ധനസഹായത്തോടെ കെട്ടിട നിർമ്മാണത്തിനായി ഭരണാനുമതി നൽകിക്കൊണ്ട് 16/06/2022 -ന് സർക്കാർ ഉത്തരവായിട്ടുണ്ട്.<br><br>ഇത് കൂടാതെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പ്ലാൻ ഫണ്ടിലും നബാർഡ് / എം.എൽ.എ / എം.പി / എസ്.എസ്.കെ / എൽഎസ്ജിഡി എന്നീ ഫണ്ടുകളും ഉപയോഗപ്പെടുത്തി നിരവധി സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം നടന്നുവരുന്ന ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഭൗതിക സൗകര്യവികസനം നടന്നു വന്നിരുന്ന കിഫ്ബി/പ്ലാൻ ഫണ്ടും മറ്റ് ഫണ്ടുകളിലും ഉൾപ്പെട്ട ഏതാണ്ട് 350ൽ പരം സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്. ഇത് കൂടാതെ 51ഓളം ലാബ്/ലൈബ്രറി കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്. |
| | | | | |

| | | | |
|---|---|---|---|
| (സി) | ശാസ്ത്ര, സാങ്കേതിക രംഗങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾക്കനുസരിച്ച് വിദ്യാർത്ഥികളെ പാകപ്പെടുത്തുന്നതിന് അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ? | (സി) | ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്താൻ അദ്ധ്യാപകരെ സജ്ജമാക്കുന്ന പരിശീലനങ്ങൾ കൈറ്റിന്റെ നേതൃത്വത്തിൽ എല്ലാ വർഷവും നൽകി വരുന്നു. ഓരോ വർഷവും ആവശ്യമായ പുതിയ കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടാണ് പരിശീലന മോഡ്യൂളുകൾ തയ്യാറാക്കുന്നത്. അദ്ധ്യാപക പ്രൊഫഷണലിസം വികസിപ്പിക്കാനുള്ള കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ട്. അദ്ധ്യാപകരുടെ മനോഭാവത്തിൽ കാലം ആവശ്യപ്പെടുന്ന മാറ്റങ്ങൾ അനിവാര്യമാണ്. അതുകൂടി കണ്ടുകൊണ്ടാണ് അദ്ധ്യാപക പ്രൊഫഷണലിസം വികസിപ്പിക്കാനുള്ള പദ്ധതികൾ വിഭാവനം ചെയ്യുക. |

സെക്ഷൻ ഓഫീസർ